ഉത്തരം

(എ) 87 എണ്ണം.

(ബി) ഇനി 6 ജോലികൾ പൂർത്തിയാക്കാനുണ്ട്. ഇതിൽ മൂന്നെണ്ണം 31.03.2000 ന് മുൻപ് പൂർത്തിയാകും. വസ്തു ഉടമകളുടെ എതിർപ്പ് മൂലവും, വനം വകുപ്പ് അധികൃതർ അനുമതി നൽകാത്തതും മൂലമാണ് ബാക്കി ജോലികൾ പൂർത്തിയാക്കാൻ കഴിയാത്തത്.

92 (1942) വൈദ്യുതി ലൈൻ പൊട്ടി വീണ് മരണപ്പെട്ട ദാമോദരന്റെ കുടുംബത്തിന് ബോർഡു വക സമാശ്വാസ സഹായം.

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മണ്ണൂർ പഞ്ചായത്തിൽ വില്ലേജ്മാൻ ആയിരുന്ന ശ്രീ. ദാമോദരൻ 11 കെ.വി. ലൈൻ ദേഹത്ത് പൊട്ടിവീണ് മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ അപകടമരണം സംഭവിച്ച നിരാലംബമായ കുടുംബത്തിന് സമാശ്വാസ ധനസഹായം എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അർഹമായ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമാശ്വാസ സഹായം നൽകുന്നതിന് ബന്ധപ്പെട്ടവർ ഹാജരാക്കേണ്ട രേഖകൾ ഇതുവരെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ സഹായം നൽകിയിട്ടില്ല.

(സി) രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

93 (1943) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് വൈദ്യുതി കണക്ഷൻ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് എന്തെങ്കിലും മുൻഗണനയോ താരിഫ് നിരക്കിൽ വ്യത്യാസമോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രന്ഥശാലയ്ക്ക് ലഭിച്ചുവന്ന വൈദ്യുതി നിരക്കിലുള്ള ആനുകൂല്യം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നയം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly